HGH INDIA® 2026
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
Jun 30-Jul 03, 2026. Bombay Exhibition Center, Mumbai

NEWS 1

A TEXZONE Event

Where business feels at home!

## ഇന്ത്യയിലെ ഹോം & ലൈഫ്‌സ്റ്റൈൽ വിപണി

# വർധിച്ച അളവിലൂടെയും വ്യാപനത്തിലൂടെയും ആവശ്യകതയിലൂടെയും വളരുന്നു

ഇന്ത്യയുടെ ഹോം ഡെക്കോർ വിപണി 2025-ൽ 26.88 ബില്യൺ ഡോളർ മൂല്യമുള്ളതായിരുന്നു ഇപ്പോൾ ഇത് ഒരു സുപ്രധാന ഘട്ടത്തിലേക്ക് കടക്കുകയാണ്; 2034-ഓടെ വിപണി മൂല്യം 42.36 ബില്യൺ ഡോളറിൽ എത്തുമെന്നും കണക്കാക്കപ്പെടുന്നു. വിപണിയുടെ വലിപ്പം ഒരു പ്രധാന കരുത്തായി തുടരുമ്പോഴും, 2026-ലെ കൂടുതൽ ശ്രദ്ധേയമായ കാര്യം ഉപഭോക്തൃ ആവശ്യകതയുടെ ഗുണനിലവാരവും അതിന്റെ വ്യാപനവുമാണ്.

വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ 2026 ഫെബ്രുവരിയിലെ കണക്കുകൾ പ്രകാരം, ഇന്ത്യയിലെ ഉപഭോക്തൃ വളർച്ചയുടെ 93 ശതമാനവും മെട്രോ നഗരങ്ങൾക്ക് പുറത്തുള്ള, ഏകദേശം 500-ഓളം വളർന്നുവരുന്ന നഗരങ്ങളിൽ നിന്നാണ്. വിപണി ഇപ്പോൾ മെട്രോ നഗരങ്ങളിലെ ഉപഭോഗം കൊണ്ട് മാത്രമല്ല നിയന്ത്രിക്കപ്പെടുന്നത്; ടിയർ 2, ടിയർ 3 വിപണികളുടെ വർധിച്ചുവരുന്ന പ്രാധാന്യമാണ് ഈ മേഖലയിലെ ഏറ്റവും വലിയ ഘടനാപരമായ മാറ്റം. ഈ വിപണികളെ ഇനി വെറും പ്രാന്തപ്രദേശങ്ങളായി കാണാനാവില്ല; വിതരണം, ഉൽപ്പന്ന വൈവിധ്യം, വിപുലീകരണം എന്നിവയെക്കുറിച്ച് വ്യവസായ മേഖല ചിന്തിക്കുന്ന രീതിയിൽ ഇവ ഇന്ന് കേന്ദ്രസ്ഥാനത്താണ്. പ്രാദേശിക റീട്ടെയിൽ വിപണി കൂടുതൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാരതത്തിലുടനീളം വിപുലമായ ഭൂമിശാസ്ത്രപരമായ വ്യാപനം, വിവിധ ഉൽപ്പന്ന വിഭാഗങ്ങളെക്കുറിച്ചുള്ള വർധിച്ച അവബോധം, മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ, ഉന്നത നിലവാരത്തിലുള്ള ജീവിതശൈലി ലക്ഷ്യമിട്ടുള്ള വാങ്ങൽ രീതികൾ എന്നിവ വഴി വളർച്ച വലിയ തോതിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഉപഭോക്താക്കൾ ഇന്ന് കൂടുതൽ അറിവുള്ളവരും ജാഗ്രതയുള്ളവരുമാണ്. തങ്ങൾ എങ്ങനെ ജീവിക്കുന്നു, വീട് അലങ്കരിക്കുന്നു, സമ്മാനങ്ങൾ നൽകുന്നു, അതിഥികളെ സൽക്കരിക്കുന്നു, വിശ്രമിക്കുന്നു എന്നിവയിലെല്ലാം ബോധപൂർവമായ മാറ്റങ്ങൾ വരുത്താൻ അവർ ഇന്ന് കൂടുതൽ താല്പര്യം കാണിക്കുന്നു. വീട് എന്നത് വെറും ആവശ്യങ്ങൾക്കായുള്ള ഒരിടമായിട്ടല്ല, മറിച്ച് വ്യക്തിത്വ-ത്തിന്റെയും സൗകര്യത്തിന്റെയും ജീവിതശൈലിയുടെയും പ്രകടനമായിട്ടാണ് ഇന്ന് കാണപ്പെടുന്നത്.

വിലയും ഗുണമേന്മയും ഇപ്പോഴും പ്രധാനമാണെങ്കിലും, ഡിസൈൻ, ഉപയോഗക്ഷമത, ഗുണനിലവാരത്തെക്കുറിച്ചുള്ള ധാരണ എന്നിവ സ്വാധീനം ചെലുത്തുന്നു.

വീടുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ചെലവിടൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. പ്രീമിയം നിലവാരത്തിലുള്ള ഉൽപ്പന്നങ്ങൾ ദൈനംദിന വിഭാഗങ്ങളിലേക്കും കടന്നുവരുന്നു. അലങ്കാരവസ്തുക്കൾ, ഫർണിഷിംഗുകൾ, വീട്ടുപകരണങ്ങൾ എന്നിവ മാറ്റുന്നതിന്റെ വേഗത വർധിക്കുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ആളുകളുടെ താൽപ്പര്യങ്ങളെ സ്വാധീനിക്കുകയും വിവിധ ഉൽപ്പന്നങ്ങളെ പരിചയപ്പെടാൻ സഹായിക്കുകയും ചെയ്യുന്നു. ഹോസ്പിറ്റാലിറ്റി, ഇൻസ്റ്റിറ്റ്യൂഷണൽ, റിയൽ എസ്റ്റേറ്റ് മേഖലകളിൽ നിന്നുള്ള ആവശ്യകത വിപണിയുടെ കുതിപ്പിന് കരുത്ത് പകരുന്നു. ഉത്സവകാല ഉപഭോഗം വ്യാപാര പ്രവർത്തനങ്ങളുടെ ഏറ്റവും ശക്തമായ ചാലകശക്തിയായി തുടരുന്നു.

ഈ മാറ്റങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതിലൂടെ HGH ഇന്ത്യ അതിന്റെ പ്രസക്തി നിലനിർത്തുന്നു. ഈ മേള വ്യവസായത്തിന്റെ വലിപ്പത്തെ മാത്രമല്ല, വൈവിധ്യത്തെയും പ്രതിഫലിപ്പിക്കുന്നു. ഹോം ടെക്സ്റ്റൈൽസ്, ഡെക്കറേറ്റീവ് ഫർണിഷിംഗ്സ്, ബെഡ്, ബാത്ത് മുതൽ മെത്തകൾ, തലയിണകൾ, വികസിച്ചുകൊണ്ടിരിക്കുന്ന വേൾഡ് ഓഫ് സ്ലീപ്പ് വരെ; ഹോം ഡെക്കോർ, അലങ്കാരവസ്തുക്കൾ, സമ്മാനങ്ങൾ മുതൽ ഫർണിച്ചറുകൾ വരെ; കുക്ക് വെയർ, കിച്ചൻ വെയർ, അടുക്കള ഉപകരണങ്ങൾ മുതൽ ടേബിൾ വെയർ, സ്റ്റോറേജ്, പ്ലാസ്റ്റിക്, മറ്റ് വീട്ടുപകരണങ്ങൾ വരെ - ഇന്ത്യയിൽ വിൽക്കപ്പെടുകയും വാങ്ങപ്പെടുകയും ചെയ്യുന്ന ഹോം ആൻഡ് ലൈഫ്സ്റ്റൈൽ ലോകത്തെ എല്ലാ വിഭാഗങ്ങളെയും ഇത് ഒന്നിപ്പിക്കുന്നു.

ഇന്നത്തെ ഉപഭോക്താക്കൾ വെറും ഉൽപ്പന്നങ്ങൾ മാത്രമല്ല തേടുന്നത് എന്നതുകൊണ്ട് തന്നെ ഓരോ വിഭാഗത്തിലുമുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യം പ്രധാനമാണ്. അവർ വിപുലമായ ജീവിതശൈലി മാതൃകകളും വ്യക്തമായ ഉൽപ്പന്ന ശേഖരങ്ങളും കൂടുതൽ സമ്പൂർണ്ണമായ വ്യാപാര പരിഹാരങ്ങളുമാണ് വികസിപ്പിച്ചെടുക്കുന്നത് ■


ഫാബ്രെക്സ് ബൈ എക്സൽ




ഹോം Sച്ച്

## വർഷങ്ങളിലൂടെ...

ഏകദേശം രണ്ട് പതിറ്റാണ്ടുകളായി, ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ഫർണിച്ചർ, ഹൗസ്‌വെയർ, സമ്മാനങ്ങൾ എന്നിവയ്ക്കായുള്ള ഇന്ത്യയിലെ പ്രമുഖ വ്യാപാര പ്രദർശനമായ HGH ഇന്ത്യ, ട്രെൻഡുകൾ ഉദയം ചെയ്യുകയും ഉൽപ്പന്ന വിഭാഗങ്ങൾ വികസിക്കുകയും ചെയ്യുന്ന ഇന്ത്യയിലെ ഹോം & ലൈഫ്സ്റ്റൈൽ വ്യവസായത്തിന്റെ ഒരു വേദിയായി നിലകൊള്ളുന്നു. ബിസിനസ്സുകൾ കേവലം ഉൽപ്പന്നങ്ങൾ കണ്ടെത്താൻ മാത്രമല്ല, ഡിസൈൻ-ഉൽപ്പന്ന ട്രെൻഡുകൾ മനസ്സിലാക്കാനും, വിപണിയിലെ മാറ്റങ്ങൾ അറിയാനും, പുതിയ ബിസിനസ്സ് അവസരങ്ങളും പങ്കാളിത്തങ്ങളും കണ്ടെത്താനുമുള്ള ഒരു വേദിയായി HGH ഇന്ത്യ വികസിച്ചിരിക്കുന്നു. വരാനിരിക്കുന്ന മാറ്റങ്ങൾക്കായി സന്ദർശകരെയും പ്രദർശകരെയും ഒരുക്കാൻ ഇത് സഹായിക്കുന്നു. വർഷാവർഷം, രാജ്യത്തുടനീളമുള്ള റീട്ടെയിലർമാർ, ബ്രാൻഡുകൾ, വിതരണക്കാർ, ഇറക്കുമതിക്കാർ, ഡിസൈനർമാർ, ഇൻസ്റ്റിറ്റ്യൂഷണൽ ബയർമാർ എന്നിവരുടെ മാറിക്കൊണ്ടിരിക്കുന്ന മുൻഗണനകളെ ഈ വ്യാപാര പ്രദർശനം പ്രതിഫലിപ്പിക്കുന്നു.

HGH ഇന്ത്യ ന്യൂസ് എന്നത് ഈ വ്യാപാര മേഖലയുമായുള്ള നിരന്തരമായ സംവാദമാണ്- പ്രദർശന വേദിയിലെ ചലനങ്ങളെ നിർവചിക്കുന്ന ഉൽപ്പന്ന വിഭാഗങ്ങൾ, ട്രെൻഡുകൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും നാല് ദിവസത്തെ പ്രദർശനത്തിനപ്പുറമുള്ള അതിന്റെ പങ്കിനെക്കുറിച്ചും ഇത് സംസാരിക്കുന്നു. അതിന്റെ 19-ാം പതിപ്പിനായി, HGH ഇന്ത്യ ന്യൂസ്‌ലെറ്റർ വിപണി സൂചനകൾ, ഉൽപ്പന്ന വിഭാഗങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ, വ്യാപാര അവസരങ്ങൾ, ഉയർന്നുവരുന്ന മാറ്റങ്ങൾ, പ്രദർശകരുടെ സാന്നിധ്യം, വ്യവസായത്തിന് പ്രാധാന്യമുള്ള ഭാവി ആശയങ്ങൾ എന്നിവ ഒന്നിപ്പിക്കും.

ഈ ആദ്യ പതിപ്പ് ലളിതവും എന്നാൽ ശക്തവുമായ ഒരു ആശയത്തോടെയാണ് ആരംഭിക്കുന്നത്: ഹോം ആൻഡ് ലൈഫ്സ്റ്റൈൽ വ്യാപാരത്തിന്റെ ഭാവി 'സമകാലികം, ഭാവികാലികം, സുസ്ഥിരത' എന്നീ മൂന്ന് കാഴ്ചപ്പാടുകളിലൂടെ മനസ്സിലാക്കാം. വരും വർഷങ്ങളിൽ ഉൽപ്പന്നങ്ങൾ എങ്ങനെ രൂപകൽപ്പന ചെയ്യപ്പെടുന്നു, അവതരിപ്പിക്കപ്പെടുന്നു, കണ്ടെത്തപ്പെടുന്നു, വാങ്ങപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള പ്രായോഗികമായ ഒരു ചട്ടക്കൂട് ഇവ ഒരുമിച്ച് നൽകുന്നു.

മുംബൈയിലെ ബോംബെ എക്സിബിഷൻ സെന്ററിൽ 2026 ജൂൺ 30 മുതൽ ജൂലൈ 3 വരെ നടക്കാനിരിക്കുന്ന HGH ഇന്ത്യയുടെ 19-ാം പതിപ്പിനായി കാത്തിരിക്കുമ്പോൾ, ട്രേഡ് ഷോകളുടെ പങ്കും വികസിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഉൽപ്പന്നങ്ങൾ ഒരു മേൽക്കൂരയ്ക്ക് കീഴിൽ കൊണ്ടുവരുന്നത് മാത്രം ഇനി മതിയാകില്ല. യഥാർത്ഥത്തിൽ പ്രസക്തമായ ഒരു ട്രേഡ് പ്ലാറ്റ്‌ഫോം വിപണി വിവരങ്ങൾ സൃഷ്ടിക്കുകയും, ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സാധ്യമാക്കുകയും, തീരുമാനങ്ങൾ എടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും, ഭാവിയിലെ മാറ്റങ്ങൾ മുൻകൂട്ടി കാണാൻ വ്യവസായത്തെ സഹായിക്കുകയും വേണം.

നിലവിലെ വിപണി മാറ്റങ്ങളിലൂടെ മുന്നേറാൻ ഈ ഉൾക്കാഴ്ചകൾ നിങ്ങളെ സഹായിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ ന്യൂസ്‌ലെറ്റർ പരമ്പരയിലൂടെ കൂടുതൽ വിഷയങ്ങളിലേക്കും ഉൽപ്പന്ന വിഭാഗങ്ങളിലേക്കും ഞങ്ങൾ ആഴത്തിൽ ഇറങ്ങിച്ചെല്ലും, അതുവരെ കാത്തിരിക്കുക. പ്രദർശന വേദിയിൽ ഉടൻ കാണാം!"

- ടീം HGH ഇന്ത്യ

# സമകാലികം ▪ ഭാവികാലികം ▪ സുസ്ഥിരത

2026-ലെ ഹോം ആൻഡ് ലൈഫ്സ്റ്റൈൽ വ്യാപാരത്തെ മനസ്സിലാക്കുന്നതിനുള്ള ഉപകാരപ്രദമായ ഒരു ചട്ടക്കൂട്. ഇന്ത്യൻ ഹോം മാർക്കറ്റ് കൂടുതൽ വൈവിധ്യമാർന്നതും ആധുനികവുമായി മാറിക്കൊണ്ടിരി-ക്കുകയാണ്. ഒരുകാലത്ത് ചിതറിക്കിടന്നിരുന്നതും കേവലം ആവശ്യങ്ങൾക്കായി മാത്രം നടന്നതുമായ വ്യാപാരത്തെ ഇന്ന് ഡിസൈൻ, ജീവിതശൈലി മോഹങ്ങൾ, ആരോഗ്യപൂർണ്ണമായ ജീവിതം (wellness), നൂതനാശയങ്ങൾ, പദാർത്ഥങ്ങളെ-ക്കുറിച്ചുള്ള അവബോധം എന്നിവ സ്വാധീനിക്കുന്നു. വാങ്ങുന്നവർ വിറ്റഴിയുന്ന ഉൽപ്പന്നങ്ങൾ മാത്രമല്ല നോക്കുന്നത്; മറിച്ച് പ്രസക്തവും സവിശേഷവും ഭാവിയിലേക്ക് അനുയോജ്യവുമായവ കൂടിയാണ് അവർ തിരയുന്നത്.

HGH ഇന്ത്യയിൽ, വിവിധ വിഭാഗങ്ങളിലുടനീളം പ്രാധാന്യം നേടിക്കൊണ്ടിരിക്കുന്ന ഒരു പ്രായോഗിക കാഴ്ചപ്പാടിലൂടെയാണ് ഞങ്ങൾ ഇതിനെ കാണുന്നത്: സമകാലികം, ഭാവികാലികം, സുസ്ഥിരത.

**സമകാലികം** എന്നത് ഇന്നത്തെ ഉപഭോക്താക്കളുടെ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്ന ഉൽപ്പന്നങ്ങളെയും ശേഖരങ്ങളെയും സൂചിപ്പിക്കുന്നു - ലളിതമായ ഡിസൈൻ, മികച്ച ഫിനിഷിംഗ്, ജീവിതശൈലിയുമായുള്ള ശക്തമായ ബന്ധം, ദൈനംദിന ജീവിതത്തിന് ഉന്നതമായ ഒരു തലം എന്നിവയാണിവ. ഹോം ടെക്സ്റ്റൈൽസിൽ, ഇത് ലെയർ ചെയ്ത ബെഡ്ഡിംഗുകളിലും, ഏകവർണ്ണങ്ങളായ പാലറ്റുകളിലും, മുറികളുമായി യോജിക്കുന്ന അനുബന്ധ വസ്തുക്കളിലും കാണപ്പെടുന്നു. ഹോം ഡെക്കോറിൽ, അനാവശ്യമായ ആഡംബരങ്ങളില്ലാതെ വ്യക്തിത്വം നൽകുന്ന ആക്സസറികളിലേക്കാണ് മാറ്റം വരുന്നത് - ചിന്തനീയമായ ആക്സന്റുകൾ, സന്തുലിതമായ സ്റ്റൈലിംഗ്, മാറിക്കൊണ്ടിരിക്കുന്ന ഇന്റീരിയർ താൽപ്പര്യങ്ങളോട് പൊരുത്തപ്പെടുന്ന കലാസൃഷ്ടികൾ എന്നിവയാണിവ. ഫർണിച്ചറുകളിൽ, ഇത് ഒതുക്കമുള്ളതും നഗരജീവിതത്തിന് അനുയോജ്യമായതും ഒന്നിലധികം ഉപയോഗങ്ങളുള്ളതുമായ രീതിയിൽ പ്രത്യക്ഷപ്പെടുന്നു. കുക്ക് വെയറുകളിൽ, പാകം ചെയ്യാനും വിളമ്പാനും കഴിയുന്നവയിലും ഇൻഡക്ഷൻ ഉപയോഗിക്കാവുന്ന അടുക്കള പരിഹാരങ്ങളിലും ഇത് കാണാം. അടിസ്ഥാനപരമായി, ഹോം ആൻഡ് ലൈഫ്സ്റ്റൈൽ വിപണിയുടെ നിലവിലെ അവസ്ഥ ഏറ്റവും വ്യക്തമായി നിർവചിക്കപ്പെടുന്നത് ഇവിടെയാണ്.

**ഭാവികാലികം** എന്നത് വരും വർഷങ്ങളിൽ ആളുകൾ എങ്ങനെ ജീവിക്കും, എങ്ങനെയുള്ളവ വാങ്ങും എന്നതിനെ അടിസ്ഥാനമാക്കി ഉൽപ്പന്നങ്ങളെ പുനർരൂപകൽപ്പന ചെയ്യുന്ന രീതിയിൽ കൂടുതലായി ദൃശ്യമാകുന്നു. സാങ്കേതികവിദ്യ, സൗകര്യം, ആരോഗ്യം, മോഡുലാരിറ്റി എന്നിവ ഉൽപ്പന്നങ്ങളുടെ അടുത്ത ഘട്ടത്തെ രൂപപ്പെടുത്തുന്നു. ഹോം ടെക്സ്റ്റൈൽസിൽ, മികച്ച സുരക്ഷ, പെർഫോമൻസ് ഫാബ്രിക്കുകൾ, പരിപാലിക്കാൻ എളുപ്പമുള്ള പദാർത്ഥങ്ങൾ, ആരോഗ്യത്തിന് ഊന്നൽ നൽകുന്ന ബെഡ്ഡിംഗുകൾ എന്നിവയിലൂടെ ഇത് തെളിഞ്ഞു വരുന്നു. ഫർണിച്ചറുകളിൽ, യുവ ഇന്ത്യക്കാരുടെ മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലിക്കായി രൂപകൽപ്പന ചെയ്ത മടക്കി വെക്കാവുന്നതും സ്ഥലപരിമിതി മറികടക്കാൻ സഹായിക്കുന്നതുമായ പരിഹാരങ്ങളിലൂടെയാണ് ഇത് പ്രകടിപ്പിക്കുന്നത്. അടുക്കള ഉപകരണങ്ങളിലും വീട്ടുപകരണങ്ങളിലും സ്മാർട്ട് ഉപകരണങ്ങളായും ഊർജ്ജക്ഷമതയുള്ള സൗകര്യങ്ങളായും ഇത് കാണാം. മെട്രോ നഗരങ്ങളിൽ മാത്രമല്ല, പൂനെ, അഹമ്മദാബാദ്, കോയമ്പത്തൂർ തുടങ്ങിയ നഗരങ്ങളിലും സ്മാർട്ട് ഫംഗ്ഷണാലിറ്റിയെ ഒരു പ്രത്യേക ഗുണമെന്നതിലുപരി ഉൽപ്പന്നത്തിന്റെ അവശ്യഘടകമായി കാണുന്ന ഉപഭോക്താക്കൾക്കിടയിൽ ഇതിന് വലിയ ഡിമാൻഡുണ്ട്.


പാനോ

**സുസ്ഥിരത** വ്യാപാര മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ദീർഘകാല മാനദണ്ഡങ്ങളിൽ ഒന്നായി മാറുകയാണ്. ഇതൊരു പ്രത്യേക വിഭാഗത്തിൽ മാത്രം ഒതുങ്ങുന്നതോ അല്ലെങ്കിൽ ആഡംബരമായി മാത്രം കാണുന്നതോ ആയ ഒന്നല്ല. ഉത്പന്നങ്ങളുടെ വിശ്വാസ്യത, ഈട് നിൽക്കാനുള്ള കഴിവ്, പുനരുപയോഗം, മാലിന്യങ്ങൾ കുറയ്ക്കൽ, ഉത്തരവാദിത്തത്തോടെയുള്ള സ്രോതസ്സുകൾ കണ്ടെത്തൽ, ഉൽപ്പന്നങ്ങളുടെ ദീർഘകാല ഉപയോഗക്ഷമത എന്നിവയിൽ ഉപഭോക്താക്കളും ബ്രാൻഡുകളും ഇന്ന് കൂടുതൽ ശ്രദ്ധ നൽകുന്നു. കുക്ക് വെയറുകളിലെ സുരക്ഷിതമായ കോട്ടിംഗുകളായാലും, ടെക്സ്റ്റൈൽസിലെ സ്വാഭാവികമോ പുനരുപയോഗം ചെയ്തതോ ആയ നാരുകളായാലും, ഫർണിച്ചറുകളിലെ ഉത്തരവാദിത്തത്തോടെയുള്ള അസംസ്കൃത വസ്തുക്കളായാലും, സ്ലീപ് പ്രൊഡക്റ്റുകളിലെ ഈടുനിൽക്കുന്ന ചോയിസുകളായാലും, സുസ്ഥിരത ബിസിനസ് തന്ത്രങ്ങളെയും ഉപഭോക്തൃ കാഴ്ചപ്പാടുകളെയും സ്വാധീനിക്കാൻ തുടങ്ങിയിരിക്കുന്നു.

ഈ മൂന്ന് കാഴ്ചപ്പാടുകളും ഒന്നിച്ച് ചേർക്കുമ്പോൾ ഇതൊരു ട്രെൻഡ് ലാംഗ്വേജിനേക്കാൾ ഉപരിയായി മാറുന്നു. ഹോം ആൻഡ് ലൈഫ്സ്റ്റൈൽ വിപണിയിൽ വാണിജ്യപരമായി പ്രാധാന്യമുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ഭാവിയിലെ വിജയകരമായ ബ്രാൻഡുകൾ എന്താണ് നൽകേണ്ടത് എന്ന് തിരിച്ചറിയുന്നതിനും ഇത് ഒരു പ്രായോഗിക മാർഗം വാഗ്ദാനം ചെയ്യുന്നു ■


സൈനിക്

# എന്താണ് പ്രതീക്ഷിക്കേണ്ടത്?

മുംബൈയിലെ ബോംബെ എക്സിബിഷൻ സെന്ററിൽ നടക്കുന്ന HGH ഇന്ത്യയുടെ 19-ാം പതിപ്പ്, ഹോം ആൻഡ് ലൈഫ്സ്റ്റൈൽ വ്യാപാര മേഖലയിലെ പ്രബലമായ ഒരു വിഭാഗത്തെ വീണ്ടും ഒന്നിപ്പിക്കും.

ലോകമെമ്പാടുമുള്ള 30-ലധികം രാജ്യങ്ങളിൽ നിന്നുള്ള ബ്രാൻഡുകളെയും നിർമ്മാതാക്കളെയും ഈ പ്രദർശനം ഉൾക്കൊള്ളും; കൂടാതെ ഇന്ത്യയിലെ 750-ലധികം നഗരങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നുമുള്ള റീട്ടെയിലർമാർ, മൊത്തക്കച്ചവടക്കാർ, വിതരണക്കാർ, ഇറക്കുമതിക്കാർ, ഇൻസ്റ്റിറ്റ്യൂഷണൽ ബയർമാർ, ആർക്കിടെക്റ്റുകൾ, ഇന്റീരിയർ ഡിസൈനർമാർ എന്നിവരെ ആകർഷിക്കുന്നത് തുടരും. 30 രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര സന്ദർശകരെയും പ്രതീക്ഷിക്കുന്നു. പ്രദർശകർക്ക്, ഗൗരവകരമായ വ്യാപാര താൽപ്പര്യമുള്ളവരുമായി ബന്ധപ്പെടാൻ ലഭിക്കുന്ന ഏറ്റവും കാര്യക്ഷമമായ അവസരങ്ങളിൽ ഒന്നായി HGH ഇന്ത്യ തുടരുന്നു. വാങ്ങുന്നവർക്കാകട്ടെ, നിലവിലുള്ള ബന്ധങ്ങൾ പുതുക്കാനും ഒപ്പം ഒരേ പരിസരത്ത് പുതിയ ബിസിനസ് അവസരങ്ങൾ കെട്ടിപ്പടുക്കാനുമുള്ള വേദിയാണിത്.

ഈ വർഷത്തെ പതിപ്പിൽ ഇന്ത്യൻ നിർമ്മാതാക്കൾ, ബ്രാൻഡുകൾ, ഇറക്കുമതിക്കാർ, കയറ്റുമതിക്കാർ, സോഴ്സിംഗ് സ്പെഷ്യലിസ്റ്റുകൾ, പുതിയ ഉൽപ്പന്ന സ്രഷ്ടാക്കൾ എന്നിവരുടെ വിപുലവും സമ്പന്നവുമായ ഒരു നിര ഉണ്ടായിരിക്കും. ഉൽപ്പന്നങ്ങളുടെ അളവ്, വ്യാപ്തി, ഡിസൈൻ, നവീനത, ഗുണനിലവാരം, ഉപഭോക്തൃ താൽപ്പര്യങ്ങൾ എന്നിവ തമ്മിലുള്ള സന്തുലിതാവസ്ഥയിലൂടെ ബിസിനസ്സ് നിർവചിക്കപ്പെടുന്ന വിപണിയുടെ വളർച്ചയെ ഇത് പ്രതിഫലിപ്പിക്കും. 2026 പതിപ്പ് നാല് ഹാളുകളിലായി വ്യാപിച്ചു കിടക്കും; ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ്സ്, ബെഡ് & ബാത്ത്, ടേബിൾ & കിച്ചൻ ലിനൻ, റഗ്സ് & കാർപെറ്റ്സ്, ടെക്നിക്കൽ ടെക്സ്റ്റൈൽസ് (ഹാൾ 6); ടേബിൾ ടോപ്പുകൾ, വാൾ ഡെക്കോർ, ഹാൻഡിക്രാഫ്റ്റ്സ്, ഹോം ഫ്രാഗ്രൻസസ്, ഗിഫ്റ്റ്സ് തുടങ്ങിയവ ഉൾപ്പെടെയുള്ള ഹോം ഡെക്കോർ (ഹാൾ 2); ഹോം ഫർണിച്ചർ (ഹാൾ 3); ഹൗസ്‌വെയർ & ഗിഫ്റ്റ്സ് (ഹാൾ 4) എന്നിവയ്ക്ക് ശക്തമായ പ്രാതിനിധ്യം ഉണ്ടായിരിക്കും.

ഇന്ത്യൻ വിപണിയിലെ പുതുമയുടെയും പ്രസക്തിയുടെയും അടയാളമായി മാറിയ, ഇപ്പോൾ അഞ്ചാം പതിപ്പിലെത്തി നിൽക്കുന്ന H-സർക്കിൾ പ്രോഡക്റ്റ് ഇന്നൊവേഷൻ അവാർഡുകളുടെ തുടർച്ചയും സന്ദർശകർക്ക് പ്രതീക്ഷിക്കാം. ഇതോടൊപ്പം, വ്യവസായ മേഖലയിലെ പ്രസക്തവും ഭാവിമുഖവുമായ വിഷയങ്ങളിൽ സെമിനാറുകളും പാനൽ ചർച്ചകളും HGH ഇന്ത്യ സംഘടിപ്പിക്കും; ഇത് പ്രദർശകർക്കും സന്ദർശകർക്കും ഒരുപോലെ അധിക മൂല്യം നൽകുന്നു ■



സപ്ന കാർപെറ്റ്-മാറ്റ്സ്



പസഫിക് കോട്ടൺസ്



എസ്സെൻ



ഗിഫ്റ്റി ഹോം ഫാഷൻ



ഓറഞ്ച് ആൻഡ് മസ്റ്റാർഡ്



# അന്താരാഷ്ട്ര പ്രദർശകർ ഇന്ത്യയെ ശ്രദ്ധിക്കുന്നു

19-ാമത് H G H ഇന്ത്യയുടെ മറ്റൊരു പ്രധാന വശം അന്താരാഷ്ട്ര പങ്കാളിത്തത്തിന്റെ വർധിച്ചുവരുന്ന കരുത്താണ്.

ഇന്ത്യയുടെ ഹോം ആൻഡ് ലൈഫ്സ്റ്റൈൽ വിപണി ആധുനികമാകുന്നതോടെ, ഇത് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഇടം മാത്രമല്ല, മറിച്ച് ആഗോളതലത്തിൽ പ്രാധാന്യമുള്ള ഒരു സുപ്രധാന വ്യാപാര കേന്ദ്രമായി മാറുകയാണ്. നേരിട്ടോ അല്ലെങ്കിൽ ഇന്ത്യൻ പങ്കാളികൾ വഴിയോ എത്തുന്ന അന്താരാഷ്ട്ര ബ്രാൻഡുകൾ വിപണിയിലെ വൈവിധ്യം വർദ്ധിപ്പിക്കുന്നു; അതേസമയം ഇന്ത്യൻ വാങ്ങുന്നവർക്ക് ആഗോള മാറ്റങ്ങൾക്കനുസരിച്ച് മെറ്റീരിയലുകളും ഡിസൈൻ ലാംഗ്വേജും താരതമ്യം ചെയ്യാനും ഇത് സഹായിക്കുന്നു.

അതേസമയം, ഇന്ത്യയിൽ വിതരണ ശൃംഖല ആഗ്രഹിക്കുന്ന വിദേശ ബ്രാൻഡുകൾക്കും, പുതിയ അവസരങ്ങൾ തേടുന്ന ഇന്ത്യൻ ഇറക്കുമതിക്കാർക്കും, അന്താരാഷ്ട്ര ഉൽപ്പന്നങ്ങൾ വിലയിരുത്തുന്ന റീട്ടെയിലർമാർക്കും ഒരു മികച്ച സംഗമവേദിയായി HGH ഇന്ത്യ മാറിയിരിക്കുന്നു. ആ അർത്ഥത്തിൽ, ഈ പ്ലാറ്റ്ഫോമിന് ദേശീയ പ്രാധാന്യം മാത്രമല്ല ഉള്ളത്. അന്താരാഷ്ട്ര വ്യാപാര ബന്ധങ്ങളും ഇന്ത്യൻ ആവശ്യകതയും ആഗോള വിതരണവും അർത്ഥപൂർണ്ണമായി ഒത്തുചേരുന്ന ഒരിടമായി ഇത് മാറിക്കൊണ്ടിരിക്കുന്നു.

ഇറ്റലി, ജർമ്മനി, ബെൽജിയം, യുഎസ്എ, യുകെ, ഉക്രെയ്ൻ, തുർക്കി, ചൈന, സിംഗപ്പൂർ, ചിലി തുടങ്ങി നിരവധി രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ സന്ദർശകർക്ക് ഇവിടെ കണ്ടെത്താനാകും. കൂടാതെ, ലോകനിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പ്രശസ്തരായ പല ഇന്ത്യൻ കയറ്റുമതിക്കാരും, ആഭ്യന്തര വിപണിയിലെ വലിയ അവസരങ്ങൾ തിരിച്ചറിഞ്ഞ് ഈ H G H ഇന്ത്യ പതിപ്പിലൂടെ അരങ്ങേറ്റം കുറിക്കും ■


ക്രിപ്പ്


സ്ലോവിയാൻസ്കി ശ്പലെരി

# മുന്നോട്ട്...

ഉൽപ്പന്നങ്ങൾ കണ്ടെത്താനും ബിസിനസ്സ് ഇടപാടുകൾ നടത്താനുമുള്ള ഇടമായി HGH ഇന്ത്യ തുടരും. വ്യാപാര മേഖലയ്ക്ക് മാറിച്ചിന്തിക്കാനും വരും കാര്യങ്ങൾ മുൻകൂട്ടി കാണാനുമുള്ള ഈ വേദിയെ ഞങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. H G H ഇന്ത്യ 2026 ഇന്ത്യയിലെ ഹോം ട്രേഡിന്റെ മുഴുവൻ മേഖലകളെയും ഉൾക്കൊള്ളുന്നു; ഈ വിഭാഗങ്ങൾ വേറിട്ടു നിൽക്കുന്നവയല്ല എന്ന ആശയമാണ് ഈ ന്യൂസ്ലെറ്ററുകളിലൂടെ ഞങ്ങൾ പങ്കുവെക്കുന്നത്. കുക്ക് വെയറുകൾ വാങ്ങുന്ന ഒരു റീട്ടെയിലർ ഹോം ലിനനും കൂടി കണ്ടെത്തുന്നത് അങ്ങനെയാണ്. അസംസ്കൃത വസ്തുക്കൾ നിശ്ചയിക്കുന്ന ആർക്കിടെക്റ്റ്, ഫർണിച്ചറുകൾക്കും അലങ്കാരവസ്തുക്കൾക്കും സോഫ്റ്റ് ഫർണിഷിംഗുകൾക്കുമായും തിരയുന്നു. പുതിയ നഗരത്തിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്ന വിതരണക്കാരൻ വീടിന്റെ ഒരു ഭാഗത്തെക്കുറിച്ച് മാത്രമല്ല, വീടിനെ മൊത്തമായിട്ടാണ് ചിന്തിക്കുന്നത്.

H G H ഇന്ത്യയുടെ 19-ാം പതിപ്പിലേക്ക് അടുക്കുമ്പോൾ, വരും ആഴ്ചകളിൽ കൂടുതൽ ഉൽപ്പന്ന വിശേഷങ്ങൾ, പ്രദർശകരുടെ പരിചയപ്പെടുത്തലുകൾ, വിപണി നിരീക്ഷണങ്ങൾ, ഭാവിയിലേക്കുള്ള പ്രമേയങ്ങൾ എന്നിവ ഞങ്ങൾ പങ്കുവെക്കും ■


പാസബാച്ചെ


ട്രമോണ്ടിന

## സന്ദർശക രജിസ്ട്രേഷൻ

ഞങ്ങളുമായി നിരന്തരം ബന്ധപ്പെടാനും നിങ്ങളുടെ ഉൾക്കാഴ്ചകളും അഭിപ്രായങ്ങളും പങ്കുവെക്കാനും ഞങ്ങൾ ക്ഷണിക്കുന്നു. ഏറ്റവും പ്രധാനമായി, ഈ തീയതി കുറിച്ചുവെക്കുക:

**19-ാമത് HGH ഇന്ത്യ**
**2026 ജൂൺ 30 – ജൂലൈ 3**
**ബോംബെ എക്സിബിഷൻ സെന്റർ, മുംബൈ**

മുൻഗണനാടിസ്ഥാനത്തിലുള്ള അപ്ഡേറ്റുകൾക്കും, പ്രദർശകരുടെ വിവരങ്ങൾക്കും, ഷോ സംബന്ധിച്ച അറിയിപ്പുകൾക്കുമായി വ്യാപാര സന്ദർശകർ നേരത്തെ തന്നെ മുൻകൂട്ടി രജിസ്റ്റർ ചെയ്യാൻ താല്പര്യപ്പെടുന്നു.

സൗജന്യമായി രജിസ്റ്റർ ചെയ്യുന്നതിനും 2026 ജൂൺ 20-ന് മുമ്പ് 1000/- രൂപ രജിസ്ട്രേഷൻ ഫീസ് ലാഭിക്കുന്നതിനും മുകളിലുള്ള QR കോഡ് സ്കാൻ ചെയ്യുക

ഏറ്റവും പുതിയ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി സന്ദർശിക്കുക: www.hghindia.com